# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5540 — 04.07.2013 -ൽ മറുപടിയ്ക്ക്

## റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

ചോദ്യം — ഉത്തരം

**ശ്രീ. ഇ. ചന്ദ്രശേഖരൻ** — **ശ്രീ. ഷിബു ബേബി ജോൺ**
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് ഉള്ളത്; ഏതെല്ലാം; | (എ) | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണുകളിലായി 3 പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് നിലവിലുള്ളത്. |
| (ബി) | കോഴിക്കോട് റീജിയന്റെ പരിധിയിൽ ഫൈൻ ആർട്സ് കോളേജുകൾ ഇല്ലാത്തതിനാൽ ഇവിടെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഫൈൻ ആർട്സ് കോളേജുകളിലേക്ക് അവസരങ്ങൾ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യം പരിഗണിച്ച് കോഴിക്കോട് റീജിയനിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മറ്റു റീജിയനുകളിലെ ഫൈൻ ആർട്സ് കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനത്തിന് പരിഗണിക്കുമോ? | (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്ത് വരുന്ന ഫുൾടൈം ഒഴിവുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന അവസരങ്ങളിൽ, ഉദ്യോഗദായകൻ ഒരു മേഖലയിൽ മാത്രമേ ഉള്ളൂവെങ്കിൽ, അത്തരം ഒഴിവുകൾ സംസ്ഥാന തലത്തിൽ സർക്കുലേഷൻ നടത്തിയും, എല്ലാ മേഖലകളിലും ഉദ്യോഗദായകരുണ്ടെങ്കിൽ, അത്തരം കേസുകളിൽ മേഖലാടിസ്ഥാനത്തിൽ തന്നെ ഒഴിവുകൾ സർക്കുലേഷൻ നടത്തിയുമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. ഇപ്രകാരം ചെയ്യുമ്പോൾ എല്ലാ റീജിയനിലും രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ തുല്യ പരിഗണന ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ